**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5339** **05-07-2024 - ൽ മറുപടിയ്ക്ക്**

**പ്ലസ് ടു സേ പരീക്ഷാ വിജയികൾക്ക് ഡിഗ്രി കോഴ്സുകളിൽ ചേരുവാനുള്ള സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളിൽ ഈ അധ്യയന വർഷം ഡിഗ്രി കോഴ്സുകൾക്ക് ചേരുവാൻ അപേക്ഷ നൽകാനുള്ള അവസാന തീയതി എന്നായിരുന്നു; വ്യക്തമാക്കാമോ; | (എ) | **കേരള സർവകലാശാല**<br><br>ഈ അധ്യയന വർഷം ഡിഗ്രി കോഴ്സുകളിലേക്കുള്ള ആദ്യ അലോട്ട്മെന്റിലേക്ക് അപേക്ഷ നൽകാനുള്ള അവസാന തിയതി 10.06.2024 ആയിരുന്നു.<br><br>**എം.ജി. സർവകലാശാല**<br><br>UG CAP 2024 ഷെഡ്യൂൾ പ്രകാരം അഡ്മിഷൻ ക്ലോസ് ചെയ്യുന്നത് ഓഗസ്റ്റ് 9, 2024 ന് ആണ്. അപേക്ഷ നൽകുന്നതിനുള്ള അവസാന തീയതി ഓഗസ്റ്റ് 06 ,07 തീയതികളിൽ ആണ്.<br><br>**കാലിക്കറ്റ് സർവകലാശാല**<br><br>ആദ്യ ഘട്ടത്തിൽ 10.06.2024 വരെ സർവകലാശാലാ ബിരുദ പ്രവേശനത്തിനായി അപേക്ഷ സമർപ്പിക്കാൻ സമയം അനുവദിച്ചിരുന്നു.<br><br>**കണ്ണൂർ സർവകലാശാല**<br><br>കണ്ണൂർ സർവകലാശാലയിൽ അഫിലിയേറ്റഡ് കോളേജുകളിലെ ബിരുദ പ്രവേശനത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തിയ്യതി 03.06.2024 ആയിരുന്നു (ഒന്നാമത്തെ അല്ലോട്മെന്റിന് മുൻപായി). പ്രസ്തുത തീയതി കഴിഞ്ഞു രണ്ടാമത്തെ അല്ലോട്മെന്റിനു ശേഷം 15.06.2024 മുതൽ 05.07.2024 വരെ ആദ്യ ഘട്ടത്തിൽ ബിരുദ പ്രവേശനത്തിനായി അപേക്ഷ സമർപ്പിക്കാത്തവർക്ക് അപേക്ഷ സമർപ്പിക്കുന്നതിനായി അവസരമുണ്ട്. സർവകലാശാല പഠന വകുപ്പുകളിലെ ബിരുദ പ്രോഗ്രാമിലേക്കും ഈ വർഷം ആരംഭിച്ച ഫൈവ് ഇയർ ഇന്റഗ്രേറ്റഡ് മാസ്റ്റേഴ്സ് പ്രോഗ്രാമുകളിലേക്ക് പ്രവേശനത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 10.06.2024 ആയിരുന്നു. |

| | | | |
|---|---|---|---|
| | | | **<u>കുസാറ്റ്</u>**<br><br>സർവ്വകലാശാല വിവിധ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനായി നടത്തിയ CAT 2024 (Common Admission Test 2024) നുള്ള അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി 20.03.2024 ആയിരുന്നു.<br><br>**<u>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല</u>**<br><br>സംസ്കൃത സർവകലാശാലയിൽ ഡിഗ്രി പ്രോഗ്രാമുകളിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 12.06.2024 ആയിരുന്നു.<br><br>**<u>തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല</u>**<br><br>തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയിൽ ഈ വർഷം മുതൽ ആരംഭിച്ച നാലുവർഷ ബിരുദ പ്രോഗ്രാമിന് അപേക്ഷ സമർപ്പിക്കേണ്ട അവസാന തിയതി 2024 ജൂൺ 15 ആയിരുന്നു.<br><br>**<u>ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി</u>**<br><br>യു.ജി.സി. നിർദ്ദേശ പ്രകാരം ഇപ്പോൾ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ ഡിഗ്രി കോഴ്സുകൾക്ക് അഡ്മിഷൻ അവസാനിക്കുന്ന തീയതി ജൂലൈ 31 വരെ എന്നാണ് താൽക്കാലികമായി നിശ്ചയിച്ചിട്ടുള്ളത്. |
| (ബി) | സംസ്ഥാനത്ത് പ്ലസ് ടു പരീക്ഷകളിൽ വിജയിക്കാതെ സേ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ പരീക്ഷാഫലം വരുന്ന മുറയ്ക്ക് അവർക്കുകൂടി ഡിഗ്രി കോഴ്സുകളിൽ ചേരുവാൻ അപേക്ഷ നൽകുവാൻ വേണ്ടി അപേക്ഷാ തീയതി നീട്ടിക്കൊണ്ട് ഉത്തരവ് ഇറക്കുമോ; വ്യക്തമാക്കാമോ? | (ബി) | പ്ലസ് ടു സേ പരീക്ഷാ വിജയികൾക്ക് ഡിഗ്രി കോഴ്സുകളിലേക്ക് ചേരുവാനുള്ള സൗകര്യം ഉറപ്പാക്കുന്നതിലേക്കായി സപ്ലിമെന്ററി അലോട്ട്മെൻറിലേക്ക് വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കുന്നതിന് മിക്ക സർവകലാശാലകളും അവസരം ഒരുക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ